DESPATCHED
On 28/02/2022

23/2/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 1881(1)/2021/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നമ്പർ: 16003/SIC-G4/2021)

## സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ഫെബ്രുവരി 23

ശ്രീ. മഠത്തിൽ ചന്ദ്രൻ,
പൊക്കിനാളിൽ,
പി.ഒ. പറമ്പിൽ,
കോഴിക്കോട്, പിൻ - 673 012. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,
കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം,
പയിമ്പ്ര പി.ഒ., കോഴിക്കോട് - 673 571.
2) അപ്പീൽ അധികാരി &
പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ,
പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് - 2,
കുന്ദമംഗലം, കോഴിക്കോട്. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 04/11/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 01/12/2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 30/09/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 05/11/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 03/12/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 06/12/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 17/12/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 10/01/2022 |
| ഹിയറിംഗ് നടന്ന തീയതി | 22/02/2022 -വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി -ഓഡിയോ<br>ഹാജരായി |

## ഉത്തരവ്

ശ്രീ. മഠത്തിൽ ചന്ദ്രൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ 4.11.2020-ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനാൽ 1.9.2021-ന് ഒരു ഓർമ്മക്കുറിപ്പ് അയച്ചു എന്നും ആയതിന് 22.9.2021-ന് എല്ലാ ചോദ്യങ്ങൾക്കും മറുപടി നൽകാതെ ലഭിച്ച മറുപടി അപൂർണ്ണവും അസത്യമായിരുന്നതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചു എന്നും ആയതിനും തൃപ്തികരമായ മറുപടി ലഭിച്ചില്ല എന്നും ഒരേ വിഷയത്തിൽ തന്നെ 729 വിവരാവകാശ അപേക്ഷകൾ കൊടുത്തിട്ടും വ്യക്തമായ മറുപടി തന്നില്ല എന്നും ആയതിനാൽ ടിയാന് വിവരാവകാശ നിയമപ്രകാരം ലഭിക്കേണ്ട വിവരം ലഭിച്ചില്ലെന്നും വിവരം നൽകാത്ത എസ്.പി.ഐ.ഒ.യ്ക്കെതിരെ പരമാവധി പിഴ ശിക്ഷ നൽകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 04.11.2020-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന 15 ഇനങ്ങളിലായുള്ള സുദീർഘമായ വിവരങ്ങളാണ്:

i. സംസ്ഥാന വിവരാവകാശ കമ്മീഷൻ തീർപ്പ് കൽപ്പിച്ച സി.പി.658(1)/2011/എസ്.ഐ.സി ഉത്തരവ് 10 വർഷമായിട്ടും നടപ്പാക്കാത്തതിന്റെ കാരണമെന്തെന്നും

ii. അയൽവാസികൾ ഇടവഴികൾ കയ്യേറി എന്നും സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ 4.12.2012-ന് നടന്ന സർവ്വെയിൽ കയ്യേറ്റം സെക്രട്ടറിക്ക് ബോധ്യപ്പെട്ടതാണെന്നും അത് നടപ്പാക്കാത്തതിനെതിരെ ബഹു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കൊടുത്ത പരാതിയിൽ സെക്രട്ടറിയെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ വിളിപ്പിക്കുകയും കയ്യേറ്റം ഒഴിപ്പിക്കാൻ നേരിട്ട് നിർദ്ദേശം കൊടുത്തിട്ടും സെക്രട്ടറി നടപ്പാക്കാത്തതിന്റെ കാരണം എന്തെന്നും മറ്റുമായി 15 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 01.12.2020 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. തുടർന്ന് ഹർജിക്കാരൻ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ 4.10.2021-ന് സമർപ്പിച്ച അപ്പീൽ അപേക്ഷ 7.10.2021-ന് ടി ഓഫീസിൽ ലഭിക്കുകയും, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നാണ് ടി അപ്പീലിൽ ബോധിപ്പിച്ചിട്ടുള്ളതെന്നും ആയതുപ്രകാരം എതിർകക്ഷിയിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ശ്രീ. മഠത്തിൽ ചന്ദ്രന്റെ 4.11.2020-ലെ വിവരാവകാശ അപേക്ഷയ്ക്ക് 1.12.2020-ൽ മറുപടി നൽകിയിട്ടുണ്ടെന്നും ബഹു. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ 6.9.2021-ലെ ബി4-2150/എ.പി./103/23021/കെ.ഡിസ് ഉത്തരവ് പ്രകാരം ടി മറുപടി 16.9.2021-ന് വീണ്ടും അയച്ച് നൽകിയിട്ടുള്ളതാണെന്നും ആയതിന്റെ തെളിവിലേക്കായി 16.9.2021, 1.12.2020 തീയതിയിലെ ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പുകൾ സമർപ്പിച്ചിട്ടുള്ളതാണെന്നുമാണ്. ഹർജിക്കാരന്റെ അപേക്ഷയിലെ 1 മുതൽ 7 വരെയുള്ള ചോദ്യങ്ങൾ വിവരാവകാശ നിയമപ്രകാരം 'വിവരം' എന്ന നിർവചനത്തിൽ വരുന്നില്ലെന്ന് നിരീക്ഷിക്കുന്നു എന്നും സുദീർഘവും സങ്കീർണ്ണവുമായ ചോദ്യങ്ങൾക്ക് മറുപടി നൽകുക, പരാതിക്ക് പരിഹാരം തേടുക അഭിപ്രായങ്ങൾ തേടുക എന്നിവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്ന മറുപടിയിൽ അപാകതയില്ലെന്ന് കാണുന്നു എന്നും

അപേക്ഷയിലെ 8-ാം നമ്പർ ചോദ്യത്തിന് പ്ലാനിന്റെ നമ്പറും വർഷവും, ടിയാന്റെ വിലാസവും അറിയിച്ചു തരുന്ന മുറയ്ക്ക് തെരച്ചിൽ നടത്തി ലഭ്യമായാൽ അനുവദിക്കുന്നതാണെന്നും തുടർന്ന് ഒന്നാം അപ്പീൽ ഹർജിയിൽ പ്ലാനിന്റെ നമ്പർ: 41/91-92, പ്ലാൻ പാസാക്കി കൊടുത്ത വർഷം 1991, പെർമിറ്റ് നം.10010/91 വിലാസം എന്നിവ അറിയിച്ചിട്ടുള്ളതിനാൽ പ്രസ്തുത കാര്യം പരിഗണിച്ച് എസ്.പി.ഐ.ഒ. 7 ദിവസത്തിനകം വിവരം നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണെന്നും അപേക്ഷയിലെ 9-ാം ഇനത്തിന് ആർ.ഡി.ഒ.യുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എടുത്ത നടപടിയുടെ പകർപ്പ് ഓഫീസിൽ ലഭ്യമാണെങ്കിൽ അനുവദിക്കേണ്ടതാണെന്നും, 10-ാം ഇനത്തിന് ടിയാൻ ആവശ്യപ്പെട്ട കുറ്റിയിൽ മൂസ എന്നവർക്ക് അനുവദിച്ച സൈറ്റ്പ്ലാൻ, ആധാരം, അനുവാദ പത്രം എന്നിവയാണെന്നും ആയതിന് പ്രസ്തുത കെട്ടിട നിർമ്മാണ അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കേണ്ടതും കെട്ടിട നിർമ്മാണ അനുമതി നൽകിയിട്ടില്ലെങ്കിൽ ആയത് സംബന്ധിച്ച വ്യക്തമായ വിവരം നൽകണമെന്നും, അപേക്ഷയിലെ 11-ാം ഇനത്തിന് കൃത്യമായ വിവരം നൽകണമെന്നും, 12-ാം ഇനത്തിൽ ആവശ്യപ്പെട്ട പകർപ്പ് ലഭ്യമാണെങ്കിൽ ടി ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം സൗജന്യമായി നൽകണമെന്നും 13, 14 എന്നീ ചോദ്യങ്ങൾക്ക് എസ്.പി.ഐ.ഒ. നൽകിയ മറുപടി തൃപ്തികരമാണെന്ന് നിരീക്ഷിക്കുന്നു എന്നും 15-ാം ഇനത്തിന് മറുപടി നൽകിയതായി കാണുന്നില്ല എന്നും ആയതിനാൽ ടി ഇനത്തിന് വ്യക്തമായ വിവരം 10 ദിവസത്തിനകം നൽകണമെന്നു എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകിയും ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ജാഗ്രത പുലർത്തണമെന്നും നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപ്പീൽ വാദിയായ ശ്രീ. മഠത്തിൽ ചന്ദ്രന്റെ 4.11.2020-ലെ അപേക്ഷയ്ക്ക് 1.12.2020-ന് മറുപടി നൽകിയിട്ടുണ്ടെന്നും ആയതിനുശേഷം 6.9.2021-ലെ ഒന്നാം അപ്പീൽ അധികാരിയുടെ ബി4-2150/എ.പി.103/2021.കെ.ഡിസ്. നമ്പർ ഉത്തരവ് പ്രകാരം 16.9.2021-ന് വീണ്ടും അതേ മറുപടി അയച്ച് നൽകിയിട്ടുണ്ടെന്നും 5.11.2021-ലെ ഒന്നാം അപ്പീൽ അധികാരിയുടെ ഉത്തരവ് നമ്പർ:പി.എ.യു.-2/എ2/66/എ.പി2/2021/കെ.ഡിസ് പ്രകാരം 15.11.2021-ന് എ4/5915/21 നമ്പറായി ശ്രീ.മഠത്തിൽ ചന്ദ്രന് മറുപടി നൽകിയിട്ടുണ്ടെന്നും അപേക്ഷകൻ 5.11.2020-ന് നൽകിയ വിവരാവകാശ അപേക്ഷയിലെ ചോദ്യം 15 വിട്ട് പോയിട്ടുള്ളത് മനഃപ്പൂർവ്വമല്ലെന്നും പിന്നീട് ഒന്നാം അപ്പീൽ അധികാരിയുടെ ഉത്തരവ് പ്രകാരം ടി മറുപടി നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ ഭാര്യ ശ്രീമതി ശോഭന എം., 13.9.1993 തീയതി രേഖപ്പെടുത്തി സമർപ്പിച്ച കെട്ടിട നിർമ്മാണ അനുമതി അപേക്ഷയും പ്ലാനും പാസാക്കി നൽകാതിരിക്കുന്നതിനുള്ള കാരണങ്ങൾ ലഭ്യമാക്കിയില്ല എന്നതാണ് ഹർജിക്കാരന്റെ പ്രധാന ആക്ഷേപം എന്ന് കാണുന്നു. ഒന്നാം എതിർകക്ഷി 5.1.2022–ന് കമ്മീഷനിൽ ഹാജരാക്കിയ എ4/7619/21 നമ്പർ റിപ്പോർട്ട് പരിശോധിച്ചതിൽ ഹർജിക്കാരി നൽകിയ കെട്ടിട നിർമ്മാണാനുമതി അപേക്ഷയിലെ പ്ലാനിൽ സെപ്റ്റിക് ടാങ്കും അടുത്ത പ്ലോട്ടിലെ കിണറും തമ്മിലുള്ള അകലം KMBR –ന് വിരുദ്ധമായതിനാലും പ്രസ്തുത കിണറും സെപ്റ്റിക് ടാങ്കും തമ്മിലുള്ള അകലം പ്ലാനിൽ രേഖപ്പെടുത്താത്തതിനാലുമാണ് ടി പ്ലാൻ പാസാക്കി നൽകാത്തത് എന്ന് കാണുന്നു.

6. ഒരു പൊതു അധികാരിയുടെ കൈവശമുള്ളതോ, അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ ലഭ്യമാക്കുക എന്നതാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ചുമതല. മറ്റ് ഔദ്യോഗിക കൃത്യങ്ങളോടൊപ്പമാണ് ടി ചുമതലകളും അവർ നിർവ്വഹിക്കേണ്ടത് എന്നതിനാൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ഉന്നയിച്ച പ്രകാരമുള്ള സുദീർഘവും, ചോദ്യത്തിന് മറുപടി ആവശ്യപ്പെട്ടുകൊണ്ടുള്ളതും രേഖകളുടെ വിശദീകരണം, വ്യാഖ്യാനം, വിവരാവകാശ ഓഫീസറുടെ വ്യക്തിപരമായ അഭിപ്രായം/ഉപദേശം തേടുന്ന ചോദ്യങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല. മാത്രമല്ല ഒരേ വിഷയവുമായി ബന്ധപ്പെട്ട് 729–ഓളം ആർ.റ്റി.ഐ. അപേക്ഷകൾ സമർപ്പിച്ചുവെന്ന് ഹർജിക്കാരൻ തന്നെ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ഇത്തരം പ്രവണതകൾ വിവരാവകാശ നിയമത്തിന്റെ ദുരുപയോഗമായേ കാണാൻ കഴിയു എന്നും ആയത് പൊതുജനങ്ങൾക്ക് നൽകി വരുന്ന സേവനങ്ങളെ തടസ്സപ്പെടുത്തുന്നതിന് കാരണമാകുമെന്നും കമ്മീഷൻ ഹർജിക്കാരനെ ഓർമ്മപ്പെടുത്തുന്നു.

7. ഹർജിക്കാരൻ 13.9.1993–ൽ സമർപ്പിച്ച കെട്ടിട നിർമ്മാണാനുമതി അപേക്ഷയും പ്ലാനും പാസാക്കി നൽകാതിരിക്കാൻ തടസ്സമെന്താണെന്ന് വ്യക്തമാക്കാതെയുള്ള മറുപടിയാണ് പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി നൽകിയിട്ടുള്ളത് എന്നതിനാൽ ടി അപാകത വ്യക്തമാക്കിയുള്ള മറുപടി 10.3.2022–നകം ഒന്നാം എതിർകക്ഷി നൽകേണ്ടതും അപ്രകാരം അപേക്ഷയിലെ അപാകത പരിഹരിച്ച് പുതിയ പ്ലാൻ ഹാജരാക്കുന്നപക്ഷം ആയതിന്മേൽ സത്വരനടപടി ഒന്നാം എതിർകക്ഷി സ്വീകരിക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

8. വാർദ്ധക്യ സഹജമായ നിരവധി പ്രയാസങ്ങൾ അനുഭവിക്കുന്ന ഹർജിക്കാരന് കെട്ടിട നിർമ്മാണാനുമതിക്കായി 13.9.1993–ന് നൽകിയ

അപേക്ഷയിന്മേൽ നാളിതുവരെ അനുമതി ലഭിച്ചിട്ടില്ല എന്ന വസ്തുത കോഴിക്കോട് ജില്ലാ കളക്ടറുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി ടി ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ സെക്രട്ടറി, കോഴിക്കോട് ജില്ലാ കളക്ടർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

9. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഫെബ്രുവരി 23-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി